(ഡി) പ്രസ്തുത തീരുമാനംവഴി ഉണ്ടാകുന്ന നികുതി ഭാരം കണക്കിലെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) 2011-12 സാമ്പത്തിക വർഷത്തെ വരുമാനം അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ വരുമാനത്തിൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുൻ സാമ്പത്തിക വർഷത്തേക്കാൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞതിന് പ്രധാന കാരണം ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവാണ്.

(സി) കെട്ടിടത്തിനുള്ള ധാരണാവില നാളിതുവരെ നിശ്ചയിക്കപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

റോഡുകളിലെ സുരക്ഷാസംവിധാനം

4(*244) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാസംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റോഡുകൾ നിർമ്മിക്കുമ്പോൾ സുരക്ഷാ ഓഡിറ്റുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബഹു. ഗതാഗത വകുപ്പുമന്ത്രി ചെയർമാനും, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി കോ-ചെയർമാനുമായി ഇന്ത്യയിലാദ്യമായി 'റോഡ് സേഫ്റ്റി അതോറിറ്റി' 7-1-2006-ൽ കേരളത്തിൽ നിലവിൽ വന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡപകടങ്ങളുടെ കണക്ക് പോലീസ് വകുപ്പിൽനിന്നും എല്ലാ മാസവും ശേഖരിക്കുകയും അവ അവലോകനം ചെയ്ത് അപകടനിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. റോഡ് സുരക്ഷ സംബന്ധിക്കുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റി എന്നിവയുടെ യോഗങ്ങൾ, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സംസ്ഥാനതല അവലോകനയോഗം എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇന്ത്യയിൽ ആദ്യമായി റോഡ് സുരക്ഷാ വിഭാഗം രൂപീകരിച്ചത് കേരള പൊതുമരാമത്ത് വകുപ്പാണ്. റോഡുകളിലെ സുരക്ഷാസംവിധാനം കാര്യക്ഷമമാക്കുന്നതിനും അപകടനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനുമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സുരക്ഷാസജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതിനായി എല്ലാ സാമ്പത്തിക വർഷത്തിലേയും പദ്ധതി/പദ്ധതിയേതര ഫണ്ടുകളിൽ ഉൾക്കൊള്ളിച്ച് വിവിധ അപകട നിവാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് ഉപയോഗപ്പെടുത്തിയും അപകടനിരക്ക് കുറയ്ക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത ഫണ്ടുകളുടെ ലഭ്യതയനുസരിച്ച്, അപകട സാധ്യതയുള്ള റോഡിന്റെ വശങ്ങളിൽ ക്രാഷ് ബാരിയർ, സൈൻ ബോർഡ്, റോഡ് മാർക്കിംഗുകൾ, ട്രാഫിക് സിഗ്നലുകൾ, അപകടസാധ്യത മേഖലകളിൽ മുന്നറിയിപ്പിനായുള്ള ബ്ലിങ്കർ ലൈറ്റുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ, ഡിലിനിയേറ്റർ പോസ്റ്റുകൾ, ഒബ്ലക്ട് ഹസാർഡ് മാർക്കറ്റുകൾ, ഷെവറോൺ സൈൻ ബോർഡുകൾ, മീഡിയൻ മാർക്കറുകൾ മുതലായ സുരക്ഷാ ഉപാധികൾ സ്ഥാപിച്ചുവരുന്നു. ഇതിനുപുറമേ ജ്യോമട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് പുതിയതായി റോഡുകൾ നിർമ്മിക്കുമ്പോൾ സുരക്ഷാ ഓഡിറ്റുകൾ നടത്തി അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് കാലാവസ്ഥയനുസരിച്ച് റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗതമായി ചെയ്തുവരുന്ന 20 എം.എം. ചിപ്പിംഗ് കാർപ്പറ്റിനു പകരം ആധുനിക രീതിയിലുള്ളതും ഈടുറ്റതുമായ ബി.എം.&ബി.സി. ഉപയോഗിച്ച് റോഡ് നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇവ ഒരു പരിധി വരെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ഈ രീതിയിൽ ബി.എം.&ബി.സി. ഉപയോഗിച്ച് കൂടുതൽ റോഡുകളുടെ ഉപരിതലം പുതുക്കുകയും ചെയ്തുവരുന്നു. എന്നാൽ കോൺക്രീറ്റ് റോഡുകൾ കൂടുതൽ കാലം നിലനിൽക്കുമെന്ന് കണ്ടതിനാൽ ഒരു തുടക്കമായി എറണാകുളം ജില്ലയിൽ HMT ജംഗ്ഷൻ മുതൽ മണലിമുക്ക് വരെയുള്ള 5.2 കി.മീ. ദൂരം കോൺക്രീറ്റ് റോഡ് നിർമ്മാണം പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കിവരുന്നു.